**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4156** **28-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലി സ്റ്റോറുകളിൽ പൊതുവിപണിയേക്കാൾ എത്ര ശതമാനം കുറവിലാണ് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഏതൊക്കെ സാധനങ്ങൾക്കാണ് ഇപ്പോൾ സബ്സിഡി നൽകുന്നതെന്ന് അറിയിക്കാമോ? | (എ) | പൊതുവിപണിയേക്കാൾ ഏകദേശം 35 ശതമാനം വിലക്കുറവിലാണ് മാവേലി സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തി വരുന്നത്. സബ്സിഡി നിരക്കിൽ നൽകിവരുന്ന സാധനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകി വരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വിൽപ്പന വില 142.80 രൂപയാണ്.<br><br>പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ- റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.<br><br>ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.<br><br>ശബരി കെ- റൈസ് (ജയ അരി)<br><br>കി.ഗ്രാമിന് - 29 രൂപ<br><br>ശബരി കെ- റൈസ് (കുറുവ അരി)<br><br>കി.ഗ്രാമിന് - 30 രൂപ<br><br>ശബരി കെ- റൈസ് (മട്ട അരി)<br><br>കി.ഗ്രാമിന്- - 30 രൂപ<br><br>നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്.<br><br>1.ഇത് കൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി മുതലായ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>2.ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

1.

| ക്രമ നം. | ഇനം | സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 92 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല ( 1 കി.ഗ്രാം ) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ ( 1 കി.ഗ്രാം ) | 75 | 1 കിലോ ഗ്രാം |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 111 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം ) | 75 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം ) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 27 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ) | 55 | 500 മില്ലി ലിറ്റർ |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 30 | |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 30 | |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 26 | |